# ‘കർത്താവിന്റെ ദയ’

## 1 പത്രോസ് 2:3

‘കർത്താവു ദയാലു എന്നു നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ.’

കർത്താവായ യേശു ദയയുള്ള, കരുണയുള്ള, ദൈവം ആണ് എന്ന അറിവ് അനേകർക്കുണ്ട്. എന്നാൽ അവന്റെ ദയ “ആസ്വദിച്ചിട്ടുള്ളത്” എത്രപേർ? ഇത് ഒരു ദൈവപൈതലിന്റെ മാത്രം പ്രത്യേകമായ ആനുകൂല്യം അഥവാ കൃപ ആണ്.

നമ്മൾ ഒരു വസ്തുവിനെ ആസ്വദിക്കുക എന്നു പറയുമ്പോൾ അതിന്റെ അർത്ഥം അതിനെ അഗാധമായി, ഇഷ്ടത്തോടെ, ആഗ്രഹത്തോടെ അനുഭവിക്കുക എന്നാണല്ലോ. കർത്താവ് ദയാലു എന്ന് അനുഭവിക്കാൻ പറ്റുന്ന സാഹചര്യങ്ങളെല്ലാം വിലപ്പെട്ടതാകുന്നു. “യഹോവ നല്ലവൻ എന്ന് രുചിച്ചറിവിൻ” എന്നാണല്ലോ ദൈവവചനം പഠിപ്പിക്കുന്നത്. വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ എന്നു പറഞ്ഞതിനുശേഷമാണ് പത്രോസ് ശ്ലീഹാ തന്റെ ലേഖനത്തിലൂടെ കർത്താവ് ദയാലു എന്ന് ആസ്വദിച്ചിട്ടുണ്ടല്ലോ എന്ന ചോദ്യം ഉന്നയിക്കുന്നത്. അതായത് അനുഭവിച്ചതിനുശേഷം അഥവാ ആസ്വദിച്ചതിനുശേഷം പങ്കുവെക്കുന്ന ഒരു അവസ്ഥ.

ഇന്ന് ലോകം, ആഹാരമുൾപ്പെടെ എല്ലാം “മായയായ” ഒരു സ്ഥിതി വിശേഷത്തിലൂടെയാണല്ലോ നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ നടുവിലും നമ്മെ രക്ഷിക്കാനും, വഴിനടത്താനും, ശക്തിപ്പെടുത്താനും, കൂടെയിരുന്ന് നിലനിർത്താനും മായമില്ലാത്ത ഒന്നേയുള്ളൂ. അത് ദൈവവചനം മാത്രമാകുന്നു. അതുകൊണ്ട് ഈ വചനത്തെ മായമില്ലാതെ തന്നെ കുടിക്കുന്നവർക്ക് കർത്താവ് ദയാലു എന്ന് ആസ്വദിക്കുവാൻ കഴിയും. ഇങ്ങനെയുള്ള ഭഗ്യപദവി എത്രശ്രേഷ്ഠമാകുന്നു. ഇന്ന് ജീവിതത്തിന്റെ ഏത് അവസ്ഥയും ആകട്ടെ, അതിന്റെ നടുവിലും യേശു ദയാലു എന്ന് ആസ്വദിച്ചനുഭവിക്കുവാൻ ഇടയാകട്ടെ. “രുചിച്ചു നോക്കി ഞാൻ കർത്തൻ കൃപകളെ” എന്ന സ്തുതിപ്പിന്റെ ആർപ്പോടെ, കർത്താവിന്റെ ദയയും, വിശ്വസ്തതയും പാടി പുകഴ്ത്തുവാൻ ഓരോ ദിനവും ഇടയാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 90:14

കാലത്തു തന്നേ ഞങ്ങളെ നിന്റെ ദയകൊണ്ടു തൃപ്തരാക്കേണമേ; എന്നാൽ ഞങ്ങളുടെ ആയുഷ്കാലമൊക്കെയും ഞങ്ങൾ ഘോഷിച്ചാനന്ദിക്കും.

വിലാപങ്ങൾ 3:22-23

നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ; അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 001